## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** **05.03.2018-ന് മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. *92**

## പൊതുവിദ്യാഭ്യാസ സംരക്ഷണം

**ചോദ്യം**

ശ്രീ.റ്റി.വി.രാജേഷ്
,, കെ. ബാബു
,, കാരാട്ട് റസാഖ്
,, യു. ആർ. പ്രദീപ്

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പൊതുവിദ്യാലയങ്ങളെ മികച്ചവയാക്കി മാറ്റുന്നതിന്റെ രണ്ടാം ഘട്ടമായി ഗുണനിലവാരവും തുല്യതയും ഉറപ്പാക്കിക്കൊണ്ട് നടപ്പാക്കി വരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(എ) പൊതുവിദ്യാലയങ്ങളെ മികച്ചവയാക്കി മാറ്റുന്നതിന്റെ ഭാഗമായി 'ഗുണനിലവാരവും തുല്യതയും ഉറപ്പാക്കുന്ന പൊതുവിദ്യാഭ്യാസം' എന്നത് ലക്ഷ്യമാക്കി വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കാൻ 'മലയാളത്തിളക്കം', 'ഹലോ ഇംഗ്ളീഷ്' തുടങ്ങിയവയും ഗണിതം, ശാസ്ത്രം എന്നിവയ്ക്കും, പഠന പിന്നോക്കാവസ്ഥ പരിഹരിക്കാൻ 'ശ്രദ്ധ', 'നവപ്രഭ' തുടങ്ങിയ പ്രവർത്തന പരിപാടികൾ ഈ വർഷം നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ക്ളാസ്സ് മുറിയിലുള്ള ഓരോ കുട്ടിയുടേയും കഴിവും പരിമിതിയും കണ്ടെത്തി കഴിവുകളെ പരമാവധിയിലേക്കെത്തിക്കുന്നതിനും, പരിമിതികളെ മറികടക്കുന്നതിനും സഹായകമായ അക്കാദമിക മാസ്റ്റർപ്ലാൻ ഓരോ സ്കൂളുകളും തയ്യാറാക്കിയിട്ടുണ്ട്. ഈ അക്കാദമിക മാസ്റ്റർ പ്ളാൻ അടിസ്ഥാനമാക്കി പ്രായോഗിക പദ്ധതികൾ വികസിപ്പിച്ച് അടുത്ത അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കും. അദ്ധ്യാപക-അദ്ധ്യയന തലങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ആധുനിക സാങ്കേതിക വിദ്യയുടെ പ്രയോജനങ്ങൾ കുട്ടികൾക്ക്

പരമാവധി ലഭിക്കുന്നതിന് ഡിജിറ്റൽ വിഭവങ്ങൾ ക്ലാസ് മുറികളിൽ എത്തിക്കുന്നതിനായി 'സമഗ്ര' വിദ്യാഭ്യാസ പോർട്ടൽ ആരംഭിച്ചു. അദ്ധ്യാപക പരിശീലനങ്ങളിലൂടെ പോർട്ടലിന്റെ പ്രയോഗ സാദ്ധ്യതകൾ അദ്ധ്യാപകരെ പരിചയപ്പെടുത്തുന്നു.

(ബി) ലിംഗസമത്വവും ജാതിമതാതീത സമത്വബോധവും വിമർശനാത്മക ജനാധിപത്യമൂല്യവും കുട്ടികളിൽ അങ്കുരിപ്പിക്കുവാൻ പര്യാപ്തമായ വിധത്തിൽ പൊതുവിദ്യാഭ്യാസ പാഠ്യപദ്ധതി രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ട്.
നിലവിലുള്ള പാഠ്യപദ്ധതി വിലയിരുത്തി ലിംഗസമത്വം, ജാതി മതാതീത സമത്വ ബോധം, വിമർശനാത്മക ജനാധിപത്യ മൂല്യം എന്നിവ കുട്ടികളിൽ ഉളവാക്കുന്നതിൽ വല്ല വിടവുകളും ഉണ്ടെങ്കിൽ അവ കണ്ടെത്തി പാഠ്യപദ്ധതിയിൽ ഉൾച്ചേർക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളാൻ എസ്.സി.ഇ.ആർ.റ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി ഓരോ വിദ്യാലയത്തിന്റെയും ചുറ്റുമുള്ള പൊതുസമൂഹത്തിന്റെ സാർത്ഥകമായ ഇടപെടലിനായി ആരംഭിച്ചിട്ടുള്ള രക്ഷാകർതൃപരിശീലന പരിപാടി കാര്യക്ഷമമായി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ സന്ദേശം സമൂഹത്തിൽ എത്തിക്കുന്നതിനും, സ്കൂളുകളുടെ അക്കാദമികവും ഭൗതികവുമായ നിലവാരം ഉയർത്തുന്നതിൽ സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2018 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ രക്ഷാകർത്താക്കൾക്കുള്ള പരിശീലന പരിപാടി നടത്തിയിട്ടുണ്ട്. കുട്ടികളുടെ പഠന മികവുകൾ രക്ഷാകർത്താക്കളുമായും പൊതു സമൂഹവുമായും പങ്കുവെക്കാൻ 'സർഗ്ഗോത്സവം' എന്ന പരിപാടി 2018 ഏപ്രിൽ മാസം ആസൂത്രണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ